എലിപ്പനിരോഗം

173 (1108) ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമീപകാലത്ത് ഏതെല്ലാം ജില്ലകളിൽ എലിപ്പനി ബാധയുണ്ടായി ;

(ബി) എലിപ്പനി ബാധിച്ചവർക്ക് ആശുപത്രികളിൽ ശുശ്രൂഷ ലഭിക്കാൻ കാലതാമസം ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ ; ചികിത്സ ലഭിക്കുവാനുള്ള കാലതാമസത്തിന് കാരണമെന്ത് ;

(സി) രോഗനിർണ്ണയം നടത്തുന്നതിനുള്ള ആന്റിബോഡി പരിശോധനാ സമ്പ്രദായം ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാണ് ;

(ഡി) എല്ലാ ജില്ലാ ആശുപത്രികളിലും ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇതിനുവേണ്ട ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ ജില്ലകളിലും എലിപ്പനിരോഗം ഉണ്ടായിട്ടുണ്ട്. എങ്കിലും ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് കൂടുതലായി കാണപ്പെടുന്നത്.

(ബി) ഇല്ല. ചികിത്സ നൽകുന്നതിൽ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫക്ഷ്യസ് ഡിസീസിലും ആന്റിബോഡി പരിശോധനാ സമ്പ്രദായം ലഭ്യമാണ്.

(ഡി) ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) ചെലവിന്റെ കണക്കുകൾ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. താൽക്കാലിക കണക്കുകൾ പ്രകാരം ഏകദേശം 1,50,00,000 രൂപയോളം വേണ്ടിവരും.

എലിപ്പനിമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സഹായം

174 (1109) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ആലപ്പുഴ നഗരത്തിൽ എലിപ്പനി രോഗം പിടിപെട്ട് എത്ര പേർ മരണമടഞ്ഞിട്ടുണ്ട് ;

(ബി) മരിച്ചവരുടെ ആശ്രിതർക്കു സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവലക്കുന്ന് വാർഡിൽ കണ്ണാടിച്ചിറയിൽ കെ. ജി. രാജുവിന്റെ ഭാര്യ അക്കമ്മ എലിപ്പനി ബാധിച്ച് മരണ മടഞ്ഞതിനാൽ അവരുടെ കുടുംബത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 72 പേർ.

(ബി) റവന്യൂ അധികാരികൾ മുഖേന ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി. എലിപ്പനി മൂലമാണ് മരിച്ചതെന്ന് ബോദ്ധ്യപ്പെട്ട കേസുകൾ റിപ്പോർട്ട് സഹിതം റവന്യൂ അധികാരികൾക്കു അയച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. ധനസഹായം നൽകുന്നതിനുള്ള തീരുമാനം എടുക്കുന്നത് റവന്യൂ അധികാരികളാണ്.

(സി & ഡി) ആരോഗ്യവകുപ്പിൽ ഇതു സംബന്ധിച്ച് അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

എസ്.എ.റ്റി. ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്ന ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി

175 (1110) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.റ്റി. ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്ന ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തെല്ലാം ആഘോഷങ്ങൾ സംഘടിപ്പിച്ചു ;

(ബി) ഓരോ ആഘോഷത്തിനും എത്രതുക വീതം ചെലവഴിച്ചു ; ഈ കാലയളവിൽ പ്രസ്തുത സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എത്ര പത്രസമ്മേളനങ്ങൾ നടത്തിയിട്ടുണ്ട് ; ഓരോ പത്രസമ്മേളനത്തിലും എത്ര തുക വീതം ചെലവഴിച്ചു.

(സി) ഈ കാലഘട്ടത്തിൽ ഈ സൊസൈറ്റിയുടെ ഭരണസമിതി എത്ര പ്രാവശ്യം യോഗം ചേർന്നു ;

(ഡി) പ്രസ്തുത യോഗങ്ങൾക്കുവേണ്ടി എന്തുതുക ചെലവഴിച്ചു ?

ഉത്തരം

(എ & ബി) ആഘോഷങ്ങളൊന്നും സംഘടിപ്പിച്ചിട്ടില്ല. ഗോൾഡൻ ജൂബിലിയോട് ബന്ധപ്പെട്ട് രണ്ട് സെമിനാറുകളും രണ്ട് പൊതു സമ്മേളനങ്ങളും എസ്.എ.റ്റി ഹോസ്പിറ്റൽ സംഘടിപ്പിച്ചതിന് സൊസൈറ്റി 25,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. രണ്ട് പത്രസമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്. ആദ്യത്തെ പത്ര സമ്മേളനത്തിന് പന്ത്രണ്ടായിരം രൂപയും രണ്ടാമത്തേതിന് അഞ്ഞൂറുരൂപയും ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly